പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
സിവിൽ സ്റ്റേഷൻ ,മലപ്പുറം-676505
ഫോൺ 0483273438 തീയതി 30/03/2019
email:ddpmlp@gamil.com

## ക്വട്ടേഷൻ പരസ്യം

മലപ്പുറം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറി/മറ്റ് വാഹനങ്ങൾ എന്നിവയിൽ ജി.പി.എസ് സംവിധാനം ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് പരിചയ സമ്പന്നരായ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.ജി.പി എസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരു മാസത്തേക്കുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.ജില്ലാ ഓഫീസിലും കളക്ടറേറ്റിലും ,പഞ്ചായത്തിലും കുടിവെള്ള വിതരണം നിരീക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ് .ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പേര് ഗ്രാമ പഞ്ചായത്തുകൾക്ക് നല്കുന്നതായിരിക്കും .ഈ സ്ഥാപനവുമായി നിയമാനുസരണമുള്ള കരാറിൽ ഏർപ്പെടുന്നതും ജി പി എസ് ഘടിപ്പിക്കുന്നതിനുള്ള തുക അനുവദിക്കുന്നതും ഈ സംവിധാനം ഉപയോഗപ്പെടുത്തുന്ന ഗ്രാമ പഞ്ചായത്തുകളാരിക്കും.ഈ മേഖലയിലുള്ള പരിചയ സമ്പന്നത ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ് ആയത് സംബന്ധിച്ച രേഖകൾ ക്വട്ടേഷനോപ്പം സമർപ്പിക്കാവുന്നതാണ്.

മലപ്പുറം സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ 02/04/2019 ന് 5 Pm നകം ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.ലഭ്യമാകുന്ന ക്വട്ടേഷനുകൾ പഞ്ചായത്ത് *ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ അന്നേ ദിവസം 5 Pm ന് സന്നിഹിതരായവരുടെ* സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ് .ഈ ക്വട്ടേഷന് നിലവിലുള്ള സർക്കാർ ഉത്തരവുകളും വ്യവസ്ഥകളും ബാധകമാകുന്നതാണ്. 02/04/2019 ന് അവധി ആയിരിക്കുന്ന പക്ഷം തുടർനടപടികൾ തൊട്ടടുത്ത പ്രവർത്തി ദിവസം നടത്തുന്നതായിരിക്കും

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം